**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4370** **28-10-2021 - ൽ മറുപടിയ്ക്ക്**

**മലപ്പുറം ജില്ല സഹകരണ ബാങ്ക്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ല സഹകരണ ബാങ്കിന്റെ ഷെയർ ക്യാപിറ്റൽ നിക്ഷേപമായ 23.46 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനമായി പരിഗണിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | മലപ്പുറം ജില്ല സഹകരണ ബാങ്കിന്റെ ഷെയർ ക്യാപിറ്റൽ നിക്ഷേപമായ 23.46 കോടി രൂപ സംസ്ഥാന സഹകരണ ബാങ്കിന്റെ മൂലധനമായി പരിഗണിച്ചിട്ടുണ്ട്. |
| (ബി) | കേരളാ ബാങ്ക് രൂപീകരണശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നുവരെയുള്ള റിപ്പോർട്ടാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്; | (ബി) | കേരള ബാങ്ക് രൂപീകരണശേഷം സംസ്ഥാന സഹകരണ ബാങ്കിന്റെ 31-03-2021 വരെയുള്ള ഓഡിറ്റ് റിപ്പോർട്ട് അംഗീകരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത ഓഡിറ്റ് റിപ്പോർട്ട് പ്രകാരം സഞ്ചിത നഷ്ടം, നെറ്റ് പ്രോഫിറ്റ് എന്നിവ വിശദമാക്കാമോ; | (സി) | സഞ്ചിത നഷ്ടം- 714.27 കോടി രൂപ നെറ്റ് പ്രോഫിറ്റ്- 61.99 കോടി രൂപ |
| (ഡി) | കേരളബാങ്ക് രൂപീകരിച്ച ശേഷം അംഗ സംഘങ്ങൾക്ക് ഡിവിഡന്റ് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം നൽകിയെന്നും ഇല്ലെങ്കിൽ എന്തുകൊണ്ടാണ് നൽകാത്തതെന്നും വിശദമാക്കാമോ? | (ഡി) | കേരള ബാങ്ക് രൂപീകരിച്ച ശേഷം അംഗ സംഘങ്ങൾക്ക് ഡിവിഡന്റ് നൽകിയിട്ടില്ല. സഞ്ചിത നഷ്ടം നിലനിൽക്കുന്നതിനാലാണ് ഡിവിഡന്റ് നൽകാനാകാത്തത്. |

സെക്ഷൻ ഓഫീസർ